പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *328 17.10.2016 ൽ മറുപടിക്ക്

## ആരോഗ്യ രംഗത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എസ്.ശർമ്മ<br>,, ഒ. ആർ. കേളു<br>,, കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാനുതകുന്ന തരത്തിലുള്ള പദ്ധതികളാണോ ആരോഗ്യ രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിലുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളും പ്രവർത്തനപരിപാടികളും വിദഗ്ദ്ധ സമിതി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട് . |
| (ബി) | ഇതിന്റെ ഭാഗമായി പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനും മറ്റ് അസുഖങ്ങൾകൊണ്ടുള്ള മരണനിരക്ക് കുറയ്ക്കുന്നതിനുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്; | (ബി) | 2020-ഓടെ കേരളത്തിൽ തദ്ദേശീയ മലമ്പനിയുടെ വ്യാപനം പൂർണ്ണമായും ഇല്ലാതാക്കുവാനായി അന്യ സംസ്ഥാന തൊഴിലാളികളുടെയും, അതുപോലെ കേരളത്തിന് പുറത്ത് പോയി താമസിച്ച് തിരിച്ച് വരുന്നവരിൽ പനിയുള്ളവരുടെയും രക്തസാമ്പിളുകൾ പരിശോധിച്ച് മലമ്പനി രോഗബാധയില്ലായെന്ന് ഉറപ്പുവരുത്തുവാനും രോഗമുള്ളവർക്ക് സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഊർജ്ജിത കൊതുകനിയന്ത്രണ പ്രവർത്തനങ്ങളും, ഇതിനുവേണ്ട പരിശീലനപരിപാടികളും ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. മന്തുരോഗ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ സമൂഹ ചികിത്സയും, മറ്റ് 7 ജില്ലകളിൽ മന്തുരോഗ വ്യാപന സാധ്യത സർവ്വേയും നടപ്പിലാക്കുന്നതാണ്. കൂടാതെ മന്തുരോഗ ബാധിതർക്ക് അംഗവൈകല്യം ഉണ്ടാകാതിരിക്കുവാനും അവരുടെ അവശത കുറയ്ക്കുവാനുമായി മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ എല്ലാ ജില്ലയിലും കുറഞ്ഞത് ഒന്നുവീതം (എല്ലാ ജനറൽ/ജില്ലാ ആശുപത്രിയിൽ) ആരംഭിക്കുന്നതാണ്. പുരുഷൻമാരിൽ വൃഷണ വീക്കം ഇല്ലാതാക്കുവാനുള്ള സർജറി ചികിത്സയും ഈ ക്ലിനിക്കുകളിൽ ലഭ്യമാണ്. കാലാഅസറിന്റെ |

| | | | |
|---|---|---|---|
| | | | വ്യാപനത്തിന് കാരണമാകുന്ന മണലീച്ചകളെ നിയന്ത്രിക്കുവാനും രോഗബാധിതരെ കണ്ടെത്തി ശരിയായ ചികിത്സ നൽകുവാനുമുള്ള പരിപാടികളും നടപ്പിലാക്കുന്നുണ്ട്. ജലജന്യരോഗങ്ങളുടെ തോത് കുറയ്ക്കുവാനായി ജലസ്രോതസ്സുകളുടെ സംരക്ഷണവും ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയും ഉറപ്പുവരുത്താൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണവും ഇതരവകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. പകർച്ച വ്യാധികൾ മൂലമുള്ള മരണനിരക്ക് കുറയ്ക്കുവാനായി എല്ലാ ഡോക്ടർമാർക്കും (പ്രൈവറ്റ് ഉൾപ്പടെ) വേണ്ട പരിശീലനവും, ശരിയായ ചികിത്സാ മാർഗ്ഗരേഖ ലഭ്യമാക്കാനുള്ള നടപടികളും ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | മാതൃമരണ നിരക്ക്, ശിശു മരണ നിരക്ക് തുടങ്ങിയവ കുറയ്ക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ? | (സി) | ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ മാതൃമരണനിരക്ക് കേരളത്തിന്റേതാണ് 61 (ഒരു ലക്ഷത്തിൽ 61). നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് ആന്റ് ക്ലിനിക്കൽ എക്സലൻസ് (NICE) കേരള ഫെഡറേഷൻ ഓഫ് ഓബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി (KFOG), ആരോഗ്യവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മാതൃമരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തയ്യാറാക്കുകയും, സംസ്ഥാനത്തെ 13 ഡെലിവറി പോയിന്റുകളിൽ അതിന്റെ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കി. രണ്ടാം ഘട്ടത്തിൽ 27 ഹോസ്പിറ്റലിൽ കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>കേരളത്തിലെ ശിശുമരണ നിരക്ക് 12 (ആയിരത്തിൽ 12) ആണ്. ഇത് ഇന്ത്യയിലെ തന്നെ കുറഞ്ഞ നിരക്കാണ്. ഇനി ഇത് 9-ന് താഴെ കൊണ്ടുവരുന്നതിനുവേണ്ടി ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് (IAP)-ന്റെ സഹകരണത്തോടെ 13 ക്വാളിറ്റി സ്റ്റാൻഡേർഡുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ